**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4187** **03-03-2023 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഞീഴൂരിൽ കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ ഞീഴൂരിൽ കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിന് വേണ്ടി ഞീഴൂർ ഗ്രാമ പഞ്ചായത്ത് വക അഞ്ച് ഏക്കർ ഭൂമി അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ ഞീഴൂരിൽ കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിനായി 2012 ൽ 5 ഏക്കർ സ്ഥലം സൗജന്യമായി നൽകുന്നതിന് തീരുമാനമെടുത്ത് ഞീഴൂർ ഗ്രാമപഞ്ചായത്ത് കിലയെ അറിയിച്ചിരുന്നു. 26/06/2012 ൽ ചേർന്ന കില ജനറൽ കൗൺസിൽ പ്രസ്തുത സ്ഥലത്ത് കിലയുടെ പ്രദേശിക കേന്ദ്രം തുടങ്ങുന്നതിനായി സ്ഥലം ഏറ്റെടുക്കാൻ തീരുമാനമെടുത്തു.എന്നാൽ ഞീഴൂർ ഗ്രാമപഞ്ചായത്ത് സ്ഥലം ഇതുവരെ കിലക്ക് കൈമാറുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ട് തന്നെ പ്രസ്തുത സ്ഥലത്ത് കില സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ബി) | വൈക്കം തഹസീൽദാർ റിപ്പോർട്ടിന് വേണ്ടി കിലയ്ക്ക് കത്ത് അയച്ചിട്ടുണ്ടോയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കില റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ? | (ബി) | വൈക്കം തഹസീൽദാർ റിപ്പോർട്ടിന് വേണ്ടി കിലയ്ക്ക് കത്ത് അയച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ